12996
6/12/14

**കേരള സർക്കാർ**

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - പെരുങ്കടവിള ഐ.സി.ഡി.എസ് പ്രോജക്ടിന്റെ ആസ്ഥാനം വെള്ളറട ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ പനച്ചമൂട് ജംഗ്ഷനിലുള്ള ഷോപ്പിംഗ് കോംപ്ളക്സിലേയ്ക്ക് മാറ്റി പ്രവർത്തിപ്പിച്ച നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

സ.ഉ(സാധാ) നം.648 /2014/സാനീവ തീയതി, തിരുവനന്തപുരം,29.10.2014

---

പരാമർശം : 1) സ.ഉ. (സാധാ) നം. 72/13/സാനീവ തീയതി 28.2.2013.

2) സാമൂഹ്യ നീതി ഡയറക്ടറുടെ 13.6.2013, 19.6.2014 എന്നീ തീയതികളിലെ ഐ.സി.ഡി.എസ്.ബി1-23808/12 നമ്പർ കത്തുകൾ.

**ഉത്തരവ്**

പെരുങ്കടവിള ഐ.സി.ഡി.എസ് പ്രോജക്ടിന്റെ ആസ്ഥാനം കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ നിന്നും വെള്ളറട ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കുവാൻ പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവു പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി കെട്ടിടത്തിനെക്കാൾ മെച്ചപ്പെട്ട പശ്ചാത്തല സൗകര്യവും ഗതാഗത സൗകര്യവും ഉള്ള വെള്ളറട ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പനച്ചമൂട് ജംഗ്ഷനിലെ ഷോപ്പിംഗ് കോംപ്ളക്സ് കെട്ടിടത്തിൽ വാടകരഹിതമായി ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസ് പ്രവർത്തിപ്പിക്കാൻ പഞ്ചായത്ത്. സജ്ജീകരണങ്ങൾ ഏർപ്പെടുത്തുകയും 7.5.2013 ന് ഓഫീസ് ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തതിനാൽ ടി നടപടിക്ക് സാധൂകരണം നൽകണമെന്ന് പരാമർശം (2) പ്രകാരം സാമൂഹ്യ നീതി ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പെരുങ്കടവിള ഐ.സി.ഡി.എസ് പ്രോജക്ടിന്റെ ആസ്ഥാനം കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ നിന്നും വെള്ളറട ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പനച്ചമൂട് ജംഗ്ഷനിലുള്ള ഷോപ്പിംഗ് കോംപ്ളക്സിലേയ്ക്ക് മാറ്റി പ്രവർത്തിപ്പിച്ച സാമൂഹ്യ നീതി ഡയറക്ടറുടെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എൻ.ബി.കോമളവല്ലി അമ്മ
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
വെബ് ആന്റ് ന്യു മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ, ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ